**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 434** **23-07-2021 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എ. രാജ,<br>ശ്രീ ജി സ്റ്റീഫൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന്റെ പ്രഥമ പരിഗണന അർഹിക്കുന്ന സ്വാഭാവിക വനങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ജനകീയ സമിതികൾ വഴിയുള്ള ജനപങ്കാളിത്ത ത്തോടെയും മറ്റു മാർഗ്ഗങ്ങളിലൂടെയും വനസംരക്ഷണ പ്രവർത്തനങ്ങളും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. വനം വന്യജീവി നിയമങ്ങൾ പാലിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നതിലൂടെ അനധികൃതമരംമുറി, വനംകയ്യേറ്റം, നായാട്ട് എന്നിവ തടയുന്നു. സ്വാഭാവിക വനങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണ ത്തിനായി കുളം നിർമ്മാണം, മുളതൈ നടീൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കാട്ടുതീ ഉണ്ടാകാതിരിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഉൾക്കാട്ടിൽ ക്യാമ്പ് ഷെഡ്ഡുകളിൽ താമസിച്ചും വനങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണം ഉറപ്പിക്കുന്നുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി വന വിസ്തൃതി വർദ്ധിച്ചിരുന്നോ എന്ന് അറിയിക്കാമോ; | (ബി) | വനവിസ്തൃതി വർദ്ധിച്ചിട്ടുണ്ട്. |
| (സി) | വനാതിർത്തി ബണ്ട് കെട്ടി വേർതിരിച്ച് നടത്തുന്ന വന സംരക്ഷണത്തോടൊപ്പം വനാതിർത്തി പങ്കിടുന്ന ഭൂഉടമസ്ഥർ കൈവശാവകാശം നേടുന്നതിനും മറ്റും നേരിടുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുമോ; | (സി) | സമയബന്ധിതമായി പരിഹരിച്ച് വരുന്നുണ്ട്. |
| (ഡി) | ഇപ്രകാരമുള്ളവർക്ക് നിരാക്ഷേപ പത്രം നൽകുന്നതിന് വലിയ കാലതാമസം ഉണ്ടാകുന്നതായ പരാതി പരിഹരിക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ? | (ഡി) | ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും നിരാക്ഷേപപത്രം കാലതാമസം ഇല്ലാതെ നല്കിവരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ